## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4615** **13.11.2019-ൽ മറുപടിക്ക്**

### വേജ് കോഡ് നിയമത്തിലെ വ്യവസ്ഥകൾമൂലമുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേജസ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ഈക്വൽ റമുണറേഷൻ ആക്ട് എന്നിവ കൂട്ടിച്ചേർത്ത് കേന്ദ്ര സർക്കാർ പാസ്സാക്കിയ വേജ് കോഡ് നിയമം തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) പാർലമെന്റ് പാസാക്കിയ നിയമത്തിനനുസൃതമായി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് ചട്ടങ്ങൾ സംസ്ഥാന സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു |
| (ബി) തൊഴിലാളികൾ ഒരു ദിവസം പണിമുടക്കിയാൽ 8 ദിവസത്തെ വേതനം നൽകാതിരിക്കൽ ഉൾപ്പെടെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ പുതിയ നിയമത്തിലുണ്ടോ; വേജ് കോഡ് നിയമത്തിലെ ഇത്തരം വ്യവസ്ഥകൾ ഒഴിവാക്കി നിയമത്തെ കൂടുതൽ തൊഴിലാളി സൗഹൃദമാക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടുമോ; | (ബി) ഉണ്ട്. പത്തോ അതിലധികമോ തൊഴിലാളികൾ ക്രമപ്രകാരം കരാർ പ്രകാരമുള്ള നോട്ടീസ് നൽകാതെയോ അകാരണമായോ ജോലിയിൽ നിന്നും മാറി നിന്നാൽ എട്ട് ദിവസം വരെയുള്ള വേതനം ആകെ വേതനത്തിൽ കുറയ്ക്കാവുന്നതാണ് എന്ന് നിയമത്തിന്റെ സെക്ഷൻ 20(2)-ലെ പ്രൊവിസോയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജോലിസ്ഥലത്ത് ഹാജരാകുകയും പണിമുടക്കുമായി ബന്ധപ്പെട്ടോ മറ്റ് കാരണങ്ങളാലോ ജോലിയിൽ പ്രവേശിക്കുന്നതിന് വിസമ്മതം പ്രകടിപ്പിക്കുകയും ചെയ്താൽ ടി തൊഴിലാളി ജോലിയിൽ നിന്ന് മാറി നിന്നതായി കണക്കാക്കാവുന്നതാണെന്നും നിയമത്തിൽ വിശദീകരിക്കുന്നു. നിയമം തൊഴിലാളി സൗഹൃദമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വേജ് കോഡ് നിയമത്തിലെ വ്യവസ്ഥകൾ മൂലം തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേയ്മെൻറ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസാക്കി അവതരിപ്പിച്ചിട്ടുണ്ട്.<br><br>ഇപ്പോൾ നിലവിൽ വന്നിട്ടുള്ള കോഡ് ഓൺ വേജസ് സംസ്ഥാന സർക്കാർ പരിശോധിച്ച് വരികയാണ്. ടി നിയമത്തിന്റെ കരട് ചട്ടങ്ങൾ, അഭിപ്രായം/ ആക്ഷേപങ്ങൾ അറിയിക്കുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.